സംഘപരിവാർ, ആർ.എസ്.എസ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങൾ

26 (809)ശ്രീ. എ. കണാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘപരിവാർ, ആർ.എസ്.എസ്. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത സ്ഥാപനങ്ങൾ എത്ര എണ്ണം ഓരോ ജില്ലയിലും പ്രവർത്തിച്ചു വരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇത്തരം സമാന്തര വിദ്യാലയങ്ങൾ ഹൈന്ദവവൽക്കരണം ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചു വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംഘപരിവാർ, ആർ.എസ്.എസ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സമാന്തര വിദ്യാലയങ്ങളിന്മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ എൽ.കെ.ജി, യു.കെ.ജി മോഡലുകളിൽ അരുൺ, വരുൺ എന്നീ ക്ലാസ്സുകളിലേക്കാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നതെന്ന് ബോദ്ധ്യമായിട്ടുണ്ടോ;

(എഫ്) എങ്കിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ഇത്തരം സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങളെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ബി)-(ഇ) ബാധകമല്ല.
(എഫ്) ബാധകമല്ല.

സമഗ്ര വിദ്യാഭ്യാസ ഭേദഗതിക്ക് അഭിപ്രായ സമന്വയം

27 (810)ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly